**KERALA AGRICULTURAL UNIVERSITY**
**REGIONAL AGRICULTURAL RESEARCH STATION, AMBALAVAYAL**
**AMBALAVAYAL P O, WAYANAD, KERALA – 673593**
**E mail: rarsamb@kau.in, adramb@kau.in; Phone: 04936–260421, 9188224421**

നമ്പർ: ഇ–5914/2025 തിയതി: 04/10/2025

## ക്വട്ടേഷൻ നോട്ടിസ്

ഈ കേന്ദ്രത്തിലെ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം] വിവിധ ആവശ്യങ്ങൾക്കായി അടുത്ത ഒരു വർഷത്തേക്കു **ടൂറിസ്റ്റ് ടാക്സി വാഹനങ്ങൾ [4 + 1 സെഡാൻ, ഇന്നോവ/ ഇന്നോവ ക്രിസ്റ്റ, മഹിന്ദ്ര ജീപ്പ് എന്നിവ] ഡ്രൈവർ സഹിതം വാടകക്ക്** ഓടാൻ താല്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മൽസരാധിഷ്ഠിത ക്വട്ടേഷനുറുകൾ ക്ഷണിക്കുന്നു.

| | |
|---|---|
| ക്വട്ടേഷൻ വിവരങ്ങൾ | നമ്പർ: ഇ–5914/2025; തിയതി: 04/10/2025 |
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന സമയം | 22/10/2025 തിയതി പകൽ 11:00 മണി |
| ലേലം തുടങ്ങുന്ന സമയം | 22/10/2025 തിയതി പകൽ 11:30 മണി |
| ക്വട്ടേഷൻ തുറക്കുന്ന സമയം | 12.00 മണി |
| നിരത ദ്രവ്യം [EMD] | 2500 രൂപ |
| ടെൻഡർ കാലാവധി | വർക്ക് ഓർഡർ തിയതി മുതൽ ഒരു വർഷം |
| ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്,<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,<br>അമ്പലവയൽ, വയനാട് – 673593 |

### വ്യവസ്ഥകളും നിർദേശങ്ങളും

1 ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന വാഹനങ്ങളുടെ നിരക്കുകൾ പ്രത്യേകം കാണിക്കേണ്ടതാണ്. എ സി, നോൺ എ സി നിരക്കുകൾ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്

2 ലഭ്യമാക്കുന്ന വാഹനത്തിന് കേരളത്തിലെ ടാക്സി രജിസ്ട്രേഷൻ, ഇൻഷുറൻസ് കവറേജ് എന്നിവ നിർബന്ധമായി ഉണ്ടായിരിക്കേണ്ടതാണ്

3 പത്തു വർഷത്തിൽ താഴെ മാത്രം പഴക്കമുള്ള വാഹനം ആയിരിക്കണം

4 വാഹനം ഒരു കിലോ മീറ്റർ ഓടുന്നതിന് ലഭിക്കേണ്ടതായ വേണ്ടി വരുന്ന ഏറ്റവും കുറഞ്ഞ നിരക്കാണ് രേഖപ്പെടുത്തേണ്ടത് [വേതനം, ഇന്ധനം, അറ്റകുറ്റപ്പണികൾ, ഇൻഷുറൻസ്, ടാക്സ് എന്നിവയും, ഡ്രൈവറും വാഹനവും സംബന്ധിച്ച മറ്റെല്ലാ ചെലവുകളും ക്വട്ടേഷൻ ലഭിക്കുന്നവർ തന്നെ വഹിക്കേണ്ടതാണ്]. ടി തുക സർക്കാർ നിശ്ചയിച്ചിരിക്കുന്ന അംഗീകൃത നിരക്കിനേക്കാൾ കൂടാൻ പാടുള്ളതല്ല

5 മിനിമം ചാർജിൽ എത്ര കിലോമീറ്റർ ഓടുമെന്ന വിവരവും, തുടർന്നുള്ള ഓരോ കിലോമീറ്ററിനും ലഭിക്കേണ്ടതായ നിരക്കും ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്

6 പൂപ്പൊലി ഉൾപ്പെടെ ആർ എ ആർ എസിലും, കാർഷിക കോളേജിലുമുള്ള ആവശ്യങ്ങൾക്കായി വാഹനം ലഭ്യമാക്കേണ്ടതാണ്

7 വാഹനം ആവശ്യമാകുന്ന ദിവസം ഹ്രസ്വദൂരയാത്രയെന്നോ, ദീർഘദൂരയാത്രയെന്നോ വ്യത്യാസമില്ലാതെ നിർദ്ദിഷ്ട സമയത്തും സ്ഥലത്തും വാഹനം ലഭ്യമാക്കേണ്ടതാണ്

8 ഏതെങ്കിലും കാരണവശാൽ വാഹനം/ഡ്രൈവർ നൽകാൻ കഴിയാതെ വന്നാലോ, വാഹനങ്ങൾക്ക് തകരാർ സംഭവിച്ചാലോ ബദൽ സംവിധാനം ഏർപ്പാടാക്കേണ്ടതാണ്

9 യാത്രക്കിടെ അംഗീകൃത ടോൾ, പെർമിറ്റ് ഫീസ് മുതലായവ അടക്കേണ്ടി വരുന്ന പക്ഷം കരാറുകാരൻ ടോൾ അടവാക്കേണ്ടതും, പ്രസ്തുത തുക ക്വട്ടേഷൻ നിരക്കിനു പുറമെ ഈ

10 മറ്റേതെങ്കിലും ചാർജുകൾ [ഉദാ: ഹാൾട് വാടക, രാത്രി അധിക നിരക്ക്, ഡ്രൈവർ ബത്ത] ബാധകമാണെങ്കിൽ ടി വിവരം ക്വട്ടേഷനിൽ കാണിച്ചിരിക്കേണ്ടതാണ്

11 ക്വട്ടേഷൻ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് **വാഹനങ്ങൾ വാടകക്കു നൽകുന്നതിനുള്ള ക്വട്ടേഷൻ** എന്നും, ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസവും, അപേക്ഷകന്റെ ഫോൺ നമ്പർ സഹിതമുള്ള വിലാസവും രേഖപ്പെടുത്തേണ്ടതാണ്. വെവ്വേറെ വാഹനങ്ങൾക്ക് പ്രത്യേകം ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്

12 നിരത ദ്രവ്യം [5000 രൂപാ] പണമായോ ASSOCIATE DIRECTOR, R A R S, AMBALAVAYAL എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായോ അടവാക്കേണ്ടതാണ്. ടി ഡിമാൻഡ് ഡ്രാഫ്റ്റ് ക്വട്ടേഷൻ സമർപ്പിക്കുന്ന സമയത്ത് ഈ ഓഫിസിൽ ഹാജരാക്കേണ്ടതുമാണ്. വെവ്വേറെ വാഹനങ്ങൾക്ക് പ്രത്യേകം നിരത ദ്രവ്യം സമർപ്പിക്കേണ്ടതാണ്

13 ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖ [ആധാറിനു മുൻഗണന], ബാങ്ക് അക്കൗണ്ട് എന്നിവയുടെ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

14 ക്വട്ടേഷനുറുകൾ ഈ ഓഫിസിൽ നേരിട്ടോ മേൽ സൂചിപ്പിച്ച വിലാസത്തിൽ തപാലിലോ സമർപ്പിക്കാവുന്നതാണ്. തപാലിൽ അയക്കുന്ന ക്വട്ടേഷനുറുകൾ നിശ്ചിത സമയത്തിനു മുൻപേ ഈ ഓഫിസിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു മുൻപായി ലഭിക്കാത്തതോ, ഏതെങ്കിലും തരത്തിൽ അപൂർണമോ അവ്യക്തമോ ആയ തും നിരത ദ്രവ്യവും നിർദേശിച്ചിട്ടുള്ള മറ്റു രേഖകളും സമർപ്പിക്കാത്ത ക്വട്ടേഷനുറുകൾ പരിഗണിക്കുന്നതല്ല

15 ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിക്കോ/സ്ഥാപനത്തിനോ അല്ലെങ്കിൽ ടിയാൾ രേഖാമൂലം ചുമതലപ്പെടുത്തുന്ന ആൾക്കോ ക്വട്ടേഷൻ നടപടികളിൽ പങ്കെടുക്കാവുന്നതാണ്. അപ്രകാരം പ്രതിനിധീകരിക്കുന്നവർ മതിയായ തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതും, ടിയാളുടെ നടപടികളിൽ ക്വട്ടേഷൻ അപേക്ഷകർ ഉത്തരവാദികളാകുന്നതുമാണ്

17 ഖണ്ഡിക [16] പ്രകാരം ടെൻഡർ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി/സ്ഥാപനം, പാൻ കാർഡ്, ലഭ്യമാക്കുന്നതോ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതോ ആയ വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഇൻഷുറൻസ്, നിയോഗിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് എന്നിവയുടെ പകർപ്പുകൾ, ക്വട്ടേഷൻ തുറന്ന തിയതി മുതൽ ഒരാഴ്ചക്കകം ഈ ഓഫിസിൽ ഹാജരാക്കേണ്ടതാണ്

18 ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് ഈ കേന്ദ്രത്തിൽ നിന്നും അയക്കുന്ന വർക്ക് ഓർഡർ തിയതി മുതൽ അടുത്ത ഒരു വർഷത്തേക്കാണ് ഈ ടെൻഡറിന്റെ കാലാവധി

19 ഏർപ്പാടു ചെയ്യുന്ന വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും, യാത്രികരുടെയും ഇൻഷുറൻസ് ഉൾപ്പെടെയുള്ള നിയമപരമായ എല്ലാ പരിരക്ഷകളും വ്യവസ്ഥകളും ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിയുടെ/ സ്ഥാപനത്തിന്റെ ബാധ്യതയാണ്. ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും ഈ കേന്ദ്രമോ സർവകലാശാലയോ ഉത്തരവാദി ആയിരിക്കുന്നതല്ല

20 ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ഏർപ്പാടാക്കുന്ന വാഹനങ്ങളോ തൊഴിലാളികളോ കാരണമായി ഈ കേന്ദ്രത്തിന്റെ സ്ഥാവര – ജംഗമ സ്വത്തുക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള കഷ്ടനഷ്ടങ്ങൾ നേരിടേണ്ടിവരുന്നപക്ഷം ആയത് ക്വട്ടേഷൻ ലഭിക്കുന്നവരിൽ നിന്നും സർക്കാർ നിയമങ്ങൾ പ്രകാരം ഈടാക്കുന്നതാണ്.

21 ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും ക്വട്ടേഷനുകൾ തള്ളിക്കളയുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം ഈ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്. അത്തരം കാര്യങ്ങളിലുള്ള കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

സമർപ്പിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകേണ്ടതായ തുക കണക്കാക്കി അതതു കാലങ്ങളിലുള്ള സർക്കാർ സർവകലാശാലാ നിർദേശങ്ങൾ പ്രകാരമുള്ള നികുതികൾ ഈടാക്കിയ ശേഷമുള്ള തുക ക്വട്ടേഷൻ ലഭിക്കുന്നവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതുമാണ്.

23 ക്വട്ടേഷനുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെയും, കേരള കാർഷിക സർവകലാശാലയുടെയും എല്ലാ നിയമങ്ങളും നിബന്ധനകളും നിർദേശങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്.

24 ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ക്വട്ടേഷൻ തുറക്കാൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തു തന്നെ ടെൻഡർ തുറക്കുന്നതാണ്.

25 ഈ ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ ഓഫിസ് സമയത്തു നേരിട്ടോ **04936 – 260421/260561, 9188224421** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്

// അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ ഉത്തരവിൻ പ്രകാരം//

(ഒപ്പ്)
പ്രാശാന്ത് പി.എസ്
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താക്കൾ:

ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ്, കേരള കാർഷിക സർവകലാശാല
[കെ എ യു വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി]
നോട്ടിസ് ബോർഡ് [ആർ എ ആർ എസ്, ഫാം ഓഫിസ്, കെ വി കെ, അമ്പലവയൽ പഞ്ചായത്ത് ഓഫിസ്, അമ്പലവയൽ വില്ലേജ് ഓഫിസ്, അമ്പലവയൽ കൃഷി ഭവൻ]
ഫാം സൂപ്രണ്ട്/ഫാം ഇൻ ചാർജ്/ഫയൽ

//ഉത്തരവിൻപ്രകാരം//
സെക്ഷൻ ഓഫീസർ